# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 2247 — 17-06-2014-ൽ മറുപടിക്ക്.

## രണ്ടാംഘട്ട ഗ്യാസ് ലൈൻ പദ്ധതിയും മഞ്ചേരി ഫയർസ്റ്റേഷൻ നിർമ്മാണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് രണ്ടാംഘട്ട ഗ്യാസ് ലൈൻ പദ്ധതിക്കുള്ള സ്ഥലം ഏറ്റെടുപ്പ് ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) കാസർഗോഡ് ജില്ലയിൽപ്പെട്ട 15 കി.മീറ്റർ ഒഴികെ കേരളത്തിലെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ജില്ലകളിലേയും പൈപ്പ് ലൈൻ സ്ഥാപിക്കാനാവശ്യമായ ഭൂമിയുടെ ഉപയോഗാവകാശം കേന്ദ്രസർക്കാർ നിയമ പ്രകാരം ഏറ്റെടുത്തു കഴിഞ്ഞു. കാസർഗോഡ് ജില്ലയിലെ 15 കി.മീറ്റർ ദൈർഘ്യമുള്ള ഭൂമിയെ സംബന്ധിച്ച് കേന്ദ്ര നിയമപ്രകാരമുള്ള ഹിയറിംഗ് ജൂൺ അവസാനവാരം നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) മഞ്ചേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് ഗ്യാസ് ലൈൻ പദ്ധതിയുടെ സ്ഥലം ഏറ്റെടുപ്പ് പ്രക്രിയ പ്രയാസം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗെയിലിന് പകരം സ്ഥലം നൽകി മഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) ഗെയിലിന്റെ പൈപ്പ്ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള സ്ഥലത്താണ് പ്രസ്തുത ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം സ്ഥിതിചെയ്യുന്നത്. ഈ സ്ഥലത്തു തന്നെയാണ് സുരക്ഷാമാനദണ്ഡങ്ങൾ പ്രകാരം ഗെയിലിന്റെ വാൽവ് സ്റ്റേഷൻ സ്ഥാപിക്കേണ്ടി വരിക. ഇക്കാര്യം ചീഫ് സെക്രട്ടറിയുടെ Project Review മീറ്റിംഗിൽ ചർച്ച ചെയ്യുകയും പ്രസ്തുത സ്ഥലം ഗെയിലിന് കൈമാറുന്നതിനും ഫയർ സ്റ്റേഷനുവേണ്ടി |

അനുയോജ്യമായ മറ്റൊരു സ്ഥലം ഗെയിൽ കണ്ടെത്തികൊടുക്കണമെന്നും ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി. അതു പ്രകാരം അനുയോജ്യമയ ഒരു സ്ഥലം സമീപ പ്രദേശത്ത് ഗെയിൽ കണ്ടെത്തുകയും അതിന്റെ വിശദാംശങ്ങൾ അധികാരികൾക്ക് കൈമാറുകയും ചെയ്തു. ഫയർ സ്റ്റേഷൻ അധികാരികൾ പ്രസ്തുത സ്ഥലം സന്ദർശിച്ച് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ